## പൊതുമേഖലാ ഓഹരി വിൽപ്പനയിലെ രാഷ്ട്രീയ വൈജാത്യങ്ങൾ

| കേന്ദ്രസർക്കാരിന്റെ നിയന്ത്രണം | തുക (കോടിയിൽ) | ശതമാനം |
|---|---|---|
| 1991-96 (കോൺഗ്രസ്) | 9,962 | 2.2% |
| 1996-98 (യൂണൈറ്റഡ് ഫ്രണ്ട്) | 1,290 | 0.3% |
| 1998-2004 (ബിജെപി) | 33,656 | 7.5% |
| 2004-2009 (കോൺ+ഇടതുപക്ഷം) | 8,516 | 1.9% |
| 2009-2014 (ഇടതുപക്ഷമില്ലാത്ത കോൺ.) | 99,364 | 22% |
| 2014-19 (ബിജെപി) | 2,96,714 | 66.1% |

"ഞെട്ടിക്കുകയും ഭീതിപ്പെടുത്തുകയും ചെയ്യുന്ന, 'ഒരു രാജ്യം, ഒരു ഭാഷ', പൗരത്വരജിസ്ട്രർ, പൗരത്വ ഭേദഗതി നിയമം തുടങ്ങി തീവ്ര ഹിന്ദു ദേശീയതയുടെ വമ്പൻ പദ്ധതികൾ, മതേതര ജനാധിപത്യ സമൂഹമായും ഭരണസംവിധാനമായും നിൽക്കാനുള്ള നമ്മുടെ നിലനിൽപ്പിന് തന്നെ ഭീഷണിയുയർത്തും. അതേ സമയം കോർപ്പറേറ്റുകൾക്ക് അനുകൂലമായും തൊഴിലാളികൾക്ക് എതിരായും നടപ്പാക്കപ്പെടുന്ന സാമ്പത്തിക നയങ്ങൾ സമ്പദ്ഘടനയെ കൂടുതൽ ആഴത്തിലുള്ള പ്രതിസന്ധിയിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും.

*– പ്രൊഫ. പ്രഭാത് പട്നായിക് (സാമ്പത്തിക വിദഗ്ധൻ)*

*പൗരന്മാർ ജീവിച്ചുപോകുന്നതെങ്ങിനെയെന്നാണ് ഭരണകൂടം അന്വേഷിക്കേണ്ടത്. പൗരത്വ പ്രശ്നം കുത്തിപ്പൊക്കിയാൽ അതിൽ ഒരു കാലത്തും തീർപ്പാക്കപ്പെടുകയില്ല. ജാതിയും മതവും ലിംഗവും ഒരാൾ തെരഞ്ഞെടുക്കുന്നതല്ല, അത് ജന്മനാൽ സിദ്ധിക്കുന്നതാണ്. അതിനാൽ, അവയുടെ അടിസ്ഥാനത്തിലുള്ള ഒരു വേർതിരിവും ഭരണഘടന അനുവദിക്കില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.*

*ജനുവരി 8 ദേശീയ പണിമുടക്ക്*

*പൊതുമേഖലയെ സംരക്ഷിക്കുക*



befi

BEFI



# പണിയെവിടെ...! പണമെവിടെ...!

## സാമ്പത്തിക പ്രതിസന്ധി കേന്ദ്രസർക്കാർ സൃഷ്ടി

*ജനുവരി 8 ദേശീയ പണിമുടക്ക്*

2 സംസ്ഥാനതല വാഹനജാഥകൾ
2020 ജനുവരി 1 മുതൽ 6 വരെ
കാസർഗോഡ് – തിരുവനന്തപുരം

**ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ**

## പൊതുമേഖല നാടിന്റെ നട്ടെല്ല്

പക്ഷെ നാടിന്റെ നട്ടെല്ലിനെ ഭരണാധികാരികൾ തകർക്കുന്നു. BPCL (ഭാരത് പെട്രോളിയം) വില്പന ഒരു പകൽകൊള്ള. നഗരങ്ങളുടെ കണ്ണായ സ്ഥലത്ത് 15087 വിപണന കേന്ദ്രങ്ങൾ! നാല് എണ്ണ ശുദ്ധീകരണ ശാലകൾ.

പ്രതിവർഷം 38 ദശലക്ഷം ടൺ സംസ്കരണ ശേഷിയുണ്ട്. 6004 പാചക വാതക വിതരണ ഏജൻസികൾ.

കഴിഞ്ഞ 5 വർഷത്തെ ആർജ്ജിത ലാഭം 50,576 കോടി രൂപ. ആകെ ആസ്തി 8 ലക്ഷം കോടി രൂപ (RS. 8,00,00,00,00,00,00) നോക്കൂ, ഈ സ്ഥാപനത്തെ വിൽക്കുന്നത് 60,000 കോടി രൂപ യ്ക്ക്.

| ദേശീയ വരുമാനത്തിലേക്ക് BPCL നൽകിയ തുക | |
|---|---|
| വർഷം | തുക (രൂപ) കോടിയിൽ |
| 2015 – 16 | 67,719 |
| 2016 – 17 | 84,758 |
| 2017 – 18 | 89,725 |
| 2018 – 19 | 95,035 |

ഇത് രാജ്യ സമ്പത്തിനെ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്നതാണ്. ഇത് ദേശദ്രോഹമാണ്, രാജ്യത്തെ ഒറ്റുകൊടുക്കുന്നതാണ്, BSNL, റെയിൽവേ, എയർ ഇന്ത്യ തുടങ്ങിയ 44 പൊതുമേഖല സ്ഥാപനങ്ങളെ വിൽപ്പനയ്ക്ക് തയ്യാറാക്കി ചുണ്ണാട് തൊട്ട് അടയാളപ്പെടുത്തി മാറ്റിനിർത്തിയിരിക്കുന്നു. ഇന്ത്യയെ കാലിയാക്കൽ വിൽപ്പനയാണിത്. ധീര ദേശാഭിമാനികൾ ഓടി കൂടണം, ഒന്നിക്കണം അരുതെന്ന് വിളിച്ചു കൂവണം, അധികാരികളെ തിരുത്തണം.

*ജനുവരി 8 ദേശീയ പണിമുടക്ക്*

*പൊതുമേഖലാ സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക.*



## തൊഴിലില്ലായ്മ യുവതയെ തുറിച്ചു നോക്കുന്നു

നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ സാക്ഷ്യം പറഞ്ഞിട്ടുള്ളത് ഇന്ത്യയിലെ തൊഴിലില്ലായ്മ കഴിഞ്ഞ 45 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കിലെത്തി എന്നാണ്. യന്ത്രമനുഷ്യനും (Robotics) കൃത്രിമ ബുദ്ധിയും (Artificial Intelligence) മനുഷ്യരെ പുറത്താക്കിക്കൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ 6 വർഷത്തിനിടയിൽ 3 കോടി താൽക്കാലിക തൊഴിലുകളാണ് റദ്ദായി പോയത്. വൻ കുത്തകകളുടെ ആധിപത്യമാണ് സകലയിടത്തും. യുവതയ്ക്ക് ലഭ്യമാകുന്ന തൊഴിലിൽ 94% വും കരാർ അടിസ്ഥാനമാക്കിയുള്ളതാണ്. ഇനിമേലാൽ സ്ഥിരം ജോലിയില്ല എന്ന് സർക്കാർ ഉത്തരവ്. ജീവിത സുരക്ഷയാണ് തന്മൂലം ഇല്ലാതായിരിക്കുന്നത്.

റെയിൽവേയിൽ 90,000 വേക്കൻസികൾ എന്ന് നോട്ടിഫിക്കേഷൻ. 250 ലക്ഷം പേരാണ് അപേക്ഷ നൽകിയത്. ഈ എണ്ണം ആസ്ട്രേലിയൻ ജനസംഖ്യയേക്കാൾ കൂടുതലാണ്. തെരഞ്ഞെടുപ്പു കഴിഞ്ഞതോടെ നിയമനമല്ല, റെയിൽവേയുടെ സ്വകാര്യവൽക്കരണമാണ് നടപ്പാക്കുന്നത്.

ഗ്രാമീണ മേഖല വറുതിയിൽ കിടന്ന് പിടയുകയാണ്. പ്യൂൺ, കോൺസ്റ്റബിൾ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ, പിഎച്ച്ഡി, ബിടെക് തുടങ്ങിയ ഉന്നത ബിരുദധാരികളാണ് ലക്ഷക്കണക്കിന് രൂപയുടെ വിദ്യാഭ്യാസ വായ്പയുടെ ഭാരം പേറുന്നവരാണിവർ.

*ഇന്ത്യയിലെ 9 അതിസമ്പന്നരുടെ സ്വത്ത് രാജ്യത്തെ ദരിദ്രരായ 65 കോടി ജനങ്ങളുടേതിന് തുല്യമാണ്.*

*9 = 65,00,00,000*

*ജനുവരി 8 ദേശീയ പണിമുടക്ക്*

*തൊഴിലില്ലായ്മ യുവതയെ അരാജകത്വത്തിലേക്ക് നയിക്കും*

## ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ജനങ്ങളുടെ വിശ്വാസം ഇടിഞ്ഞു - RBI

- അഭ്യന്തര മൊത്ത ഉല്പാദനത്തിൽ (GDP) വൻ തകർച്ച.
- വ്യവസായ വളർച്ചയിൽ വമ്പിച്ച ഇടിവ്.
- ആഗോള സാമ്പത്തിക മാന്ദ്യം ഏറ്റവും കൂടുതൽ ഇന്ത്യയിൽ ഐഎംഎഫ്.
- ഇന്ത്യയുടെ വളർച്ചാ നിരക്കിൽ വലിയ ഇടിവുണ്ടാകും ലോക ബാങ്ക്.
- സാമ്പത്തിക വളർച്ചയുടെ തകർച്ച ഇനിയും രൂക്ഷമാകും - മൂഡീസ്.
- 14 കൊല്ലത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിക്ഷേപ നിരക്ക്
- 70 വർഷത്തിനിടയിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി - രാജീവ് കുമാർ (നീതി ആയോഗ്)
- വാഹനവിൽപ്പന 11 മാസം തുടർച്ചയായി താഴോട്ട്
- വ്യവസായ ശാലകൾ വ്യാപകമായി അടച്ചുപൂട്ടുന്നു.
- അതിസമ്പന്നർ അതിഭീകരമായ വളർച്ചയുടെ പാതയിൽ
- കേന്ദ്രസർക്കാരിന്റെ വരുമാനത്തിൽ വൻ ഇടിവ്
- കൃഷി, ഉൽപാദനം, വാണിജ്യം, വാർത്താ പ്രക്ഷേപണം, ഹോട്ടൽ, നിർമ്മാണ മേഖല, ഗതാഗതം, വിവര വിനിമയം എന്നിവയിൽ പ്രകടമായ മാന്ദ്യം.

***പക്ഷെ, കേന്ദ്ര ധനകാര്യമന്ത്രി മാത്രം ഇതൊന്നും അറിഞ്ഞ മട്ടില്ല.***

> *നിക്ഷേപവുമില്ല, ചോദനവുമില്ല, പിന്നെ വളർച്ച ആകാശത്ത് നിന്ന് പൊട്ടി വീഴുമോ? - രാഹുൽ ബജാജ് (പ്രമുഖ വ്യവസായി)*

*ജനുവരി 8 ദേശീയ പണിമുടക്ക്*

*വിലക്കയറ്റം തടയുക*



## ജനങ്ങളുടെ വാങ്ങൽ ശേഷി ഉയർത്താനുള്ള പാക്കേജ് എവിടെ?

വാഹന ഉടമകളും ഫ്ളാറ്റ് നിർമ്മാതാക്കളും,
പാർലെ, ബ്രിട്ടാനിയ മുതലാളിമാരും, തുണിമില്ലുടമകളും
ഒരേ റിഥത്തിൽ മാറത്തടിച്ച് കരയുന്നു.
സാമ്പത്തിക മാന്ദ്യം അതീവരൂക്ഷം, അസഹനീയം!
ഹോട്ടൽ വ്യവസായത്തിലും ബാങ്കുകളിലും
പലചരക്ക് കടയിലും, ഓട്ടോറിക്ഷയിലും, ബാർബർ ഷാപ്പിലും, ഡ്രൈക്ലീനിംഗ് കടയിലും
സാമ്പത്തിക മാന്ദ്യത്തിന്റെ രോഗാണുക്കൾ സാർവ്വത്രികം.
1991 മുതൽ തുടങ്ങിയ സാമ്പത്തിക പരിഷ്ക്കരണങ്ങളുടെ പരിണത ഫലമാണ് ഇന്നത്തെ സാമ്പത്തിക മാന്ദ്യം.
2016 ലെ നോട്ട് നിരോധനവും 2017 ലെ ജിഎസ്ടിയും സാമ്പത്തിക മാന്ദ്യത്തെ കൂടുതൽ രൂക്ഷമാക്കി.
സാധാരണ ജനങ്ങളുടെ വാങ്ങൽ ശേഷി (Purchasing Power) ഇടിഞ്ഞതാണ് പ്രധാനകാരണം.
സ്വാഭാവികമായും അവരുടെ ഉപഭോഗ നിരക്ക് ഇടിഞ്ഞു.
കമ്പോളത്തിലെ സാധന സാമഗ്രികളുടെ വിൽപന നിലച്ചു.
വാങ്ങാനാളില്ലാത്തതിനാൽ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നു.

> *"സ്വകാര്യ ഉപഭോഗം, സർക്കാർ ചിലവുകൾ എന്നീ രണ്ട് എഞ്ചിനുകളിലാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഓടിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഉപഭോഗം കുറഞ്ഞു. സർക്കാരിന്റെ സാമ്പത്തിക നിലയും പരുങ്ങലിലായി. ഈ സാഹചര്യത്തിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ മാന്ദ്യം ഘടനാപരവും, ദീർഘകാലത്തേക്ക് അനുഭവപ്പെടുന്നതുമാകാം."*
>
> *- സർജീവ് പ്രസാദ് - കൊടക് മാനേജിംഗ് ഡയറക്ടർ*

*ജനുവരി 8 ദേശീയ പണിമുടക്ക്*

*പുത്തൻ സാമ്പത്തിക നയങ്ങൾ തിരുത്തുക*

**തൊഴിലാളികളെ അടിമകളാക്കാൻ**
**4 തൊഴിൽ കോഡുകൾ**

1. Wage Code (1948 ലെ മിനിമം വേജസ് ആക്ട് അടക്കം 4 നിയമങ്ങൾക്ക് പകരം)
2. The Occupational Safety, Health & Working Conditions Code (1948ലെ ഫാക്ടറീസ് ആക്ട് അടക്കം 13 നിയമങ്ങൾ ഇതോടെ റദ്ദാകും)
3. Social Security Code (1948ലെ എംപ്ലോയീസ് ഇൻഷുറൻസ് ആക്ട് അടക്കം 14 നിയമങ്ങൾ ഇല്ലാതാകും)
4. Industrial Relations Code (1926 ലെ ട്രേഡ് യൂണിയൻ ആക്ട് അടക്കം 3 നിയമങ്ങൾ റദ്ദാകും)

- മിനിമം കൂലി കിട്ടുന്നതിന് ഗ്യാരണ്ടിയില്ല.
- പരിശോധനാ സംവിധാനങ്ങൾ ഉടമയ്ക്ക് അനുകൂലം
- എട്ട് മണിക്കൂർ ജോലി എന്നത് 14 മണിക്കൂർ വരെയാക്കാം
- തൊഴിലുടമയ്ക്ക് അവരുടെ ബാധ്യതയിൽ നിന്ന് ഒഴിഞ്ഞു മാറാൻ ധാരാളം കുറുക്കുവഴികൾ
- സാമൂഹ്യ സുരക്ഷാ പദ്ധതി ഫലത്തിൽ ഇല്ലാതാകുന്നു.
- വാഗ്ദാനങ്ങളെല്ലാം വഞ്ചനാപരവും കാപട്യവുമാണ്.
- തൊഴിലാളികളുടെ സമ്പാദ്യ തുക ഓഹരി മാർക്കറ്റിലേക്ക് മാറ്റാൻ നടപടികൾ
- പണിമുടക്കവകാശവും, ഡിമാന്റുകൾ ഉന്നയിക്കാനുള്ള സ്വാതന്ത്ര്യവും ഇല്ലാതാകും.
- പണിമുടക്ക് നടത്തിയാൽ തൊഴിലാളിക്ക് പിഴ.

*2018 ൽ മാത്രം ഇന്ത്യയിൽ ഉണ്ടായത് 18 ശതകോടീശ്വരന്മാരാണ് അതോടെ പട്ടികയിൽ 119 പേരായി. ഇവരുടെ ആകെ സമ്പത്ത് 31 ലക്ഷം കോടി രൂപ. കേന്ദ്രസർക്കാരിന്റെ ഇക്കഴിഞ്ഞ വാർഷിക ബജറ്റിന്റെ ഒന്നേകാൽ ഇരട്ടി വരും ഈ തുക.*

*ജനുവരി 8 ദേശീയ പണിമുടക്ക്*
*തൊഴിലാളി വിരുദ്ധ തൊഴിൽ നിമയ ഭേദഗതികൾ പിൻവലിക്കുക.*



**ബാങ്കുകൾ നാടിന്റെ സമ്പത്ത്**
**അവയെ സംരക്ഷിക്കണം, ജനകീയമാക്കണം.**

ബാങ്കുകൾ നാടിന്റെ അക്ഷയപാത്രമാണ്.
125 ലക്ഷം കോടി രൂപയുടെ ജന സമ്പാദ്യം ബാങ്കുകളിലുണ്ട്.
ബാങ്കുകൾ പൊതുമേഖലയാണെങ്കിൽ ഈ വിഭവത്തെ ഫലപ്രാപ്തിയോടെ വിന്യസിക്കാം.
പക്ഷെ, ഈ അക്ഷയപാത്രത്തെ സ്വകാര്യ വിദേശ കുത്തകകൾക്ക് വിറ്റു തുലയ്ക്കുകയാണ്.
ബാങ്ക് ലയനങ്ങൾ അതിനുള്ള മുന്നൊരുക്കമാണ്.
സർവ്വീസ് ചാർജ്ജുകളും പിഴയും ഫീസും കഴുത്തറപ്പനായി നീങ്ങി.
ബാങ്ക് ദേശസാൽക്കരണത്തെ എതിർത്തിരുന്ന ബിജെപി അധികാരത്തിലെത്തിയോടെ
ബാങ്കിംഗ് സംവിധാനത്തിന്റെ തകർച്ച പൂർണ്ണതയിലെത്തി.
അമ്പതാണ്ടത്തെ ദേശസാൽകൃത ബാങ്കിംഗിന്റെ കഥ കഴിക്കുകയാണ് കേന്ദ്രസർക്കാർ.
കിട്ടാക്കടം പെരുകി, കടം വരുത്തിയതാകട്ടെ വമ്പൻ കോർപ്പറേറ്റുകളും? ചരിത്രത്തിൽ ആദ്യമായി ബാങ്കുകൾ നഷ്ടത്തിലേക്ക് കുതിച്ചു.
നഷ്ടത്തിലായ ബാങ്കുകളെ വിൽപ്പനയ്ക്ക് വെച്ചിരിക്കുന്നു.
ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്നതിന് സമാനമാണിത്.
ചെറുക്കണം, തിരിച്ചുപിടിക്കണം ജനകീയ ബാങ്കിംഗിനെ.

*ലോകത്തെ 26 കോടീശ്വരന്മാർ കൈവശപ്പെടുത്തിയിട്ടുള്ള സമ്പത്ത് ലോകത്തെ ഏറ്റവും പാവപ്പെട്ട 380 കോടി ജനങ്ങളുടെ സമ്പത്തിന് തുല്യമായ തുകയാണ്.*
*26=3,80,00,00,000*

*ജനുവരി 8 ദേശീയ പണിമുടക്ക്*
*ജനകീയ ബാങ്കിംഗ് പുനഃസ്ഥാപിക്കുക*